# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3538 — 10/04/2013 - ൽ മറുപടിക്ക്

'കേരള സർക്കാരിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം '

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| *(എ). കേരള സർക്കാരിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'ജനപഥ'ത്തിന് രജിസ്ട്രേഷൻ നഷ്ടപ്പെട്ടത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;* | *(എ).* ഉണ്ട്. |
| *(ബി). എങ്കിൽ രജിസ്ട്രേഷൻ നഷ്ട പ്പെടുവാനുണ്ടായ കാരണങ്ങൾ വ്യക്ത മാക്കുമോ ;* | *(ബി).* ജനപഥത്തിന്റെ ടൈറ്റിൽ രജിസ്ട്രേഷനുശേഷം സമർപ്പിച്ചിരുന്ന ഡിക്ലറേഷനും ബന്ധപ്പെട്ട രേഖകളും ന്യൂസ് പേപ്പർ രജിസ്ട്രാറുടെ ഓഫീസിൽ ഇപ്പോൾ ലഭ്യമല്ല. 1969 ൽ പ്രസിദ്ധീകരണം ആരംഭിച്ച ജനപഥം മാസികയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രേഖകൾ ആർ.എൻ.ഐ. ഓഫീസിലെ കമ്പ്യൂട്ടർവത്ക്കരണത്തെത്തുടർന്നാവാം നഷ്ടപ്പെട്ടിട്ടുള്ളതെന്ന് സംശയിക്കുന്നു. ന്യൂസ് പേപ്പർ രജിസ്ട്രാറുടെ ഓഫീസിൽ രേഖകൾ ഇല്ലാത്തതിനാലാണ് രജിസ്ട്രേഷൻ നഷ്ടമായത്. |
| *(സി). സർക്കാരിന്റെ മുഖമാസികയ്ക്ക് ഈ ദുര്യോഗം സംഭവിച്ചത് സർക്കാരിന് ക്ഷീണം ഉണ്ടാക്കിയിട്ടുണ്ടോ; വ്യക്ത മാക്കുമോ;* | *(സി)* ഇല്ല |
| *(ഡി). എത്ര വർഷത്തെ ചരിത്രമുണ്ട് 'ജനപഥ'ത്തിന്;* | *(ഡി) 45 വർഷത്തെ ചരിത്രം.* |
| *(ഇ) ഇനി സർക്കാരിന്റെ ഔദ്യോഗിക പ്രസിദ്ധീകരണത്തിന് എപ്രകാരമുള്ള പേരാണ് നിർദ്ദേശിക്കുവാൻ ഉദ്ദേശി ക്കുന്നത് ; വിശദമാക്കുമോ?* | *(ഇ) പേരുമാറ്റം പരിഗണനയില്ല. ജനപഥം എന്ന ടൈറ്റിൽ നിലനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.* |

*സെക്ഷൻ ഓഫീസർ*